## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4751 — 21-10-2011-ൽ മറുപടിക്ക്

## പണം മുൻകൂറായി നൽകി വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>,, അൻവർ സാദത്ത്<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ്ജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പണം മുൻകൂറായി നൽകി (പ്രീ-പെയ്ഡ്) വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചന നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ എൽ.റ്റി വിഭാഗത്തിൽപ്പെട്ട, 75 സർക്കാർ ഓഫീസുകളിൽ, പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ, പ്രീ പെയ്ഡ് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം ഗവൺമെന്റ് തലത്തിലും, ബോർഡ് തലത്തിലും എടുക്കുകയുണ്ടായി. ഇതനുസരിച്ച്, പ്രസ്തുത ജോലിക്കായി ടെൻഡർ വിളിക്കുകയും, സാങ്കേതികമായി അനുയോജ്യമല്ലാത്ത ടെൻഡറുകൾ ലഭിച്ചതിനാൽ അവ ക്യാൻസൽ ചെയ്യുകയും ചെയ്തു. സാങ്കേതിക വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും ടെൻഡർ വിളിക്കുവാനാണ് ബോർഡ് തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) ഇതിന്റെ ഭാഗമായി എച്ച്. റ്റി. ഉപഭോക്താക്കൾക്കായി ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) എൽ.റ്റി. ഉപഭോക്താക്കൾക്കായി ആസൂത്രണം ചെയ്തിട്ടുള്ള, മുൻപറഞ്ഞ പൈലറ്റ് പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തിയതിനുശേഷമേ, ഈ സംവിധാനം എച്ച്.റ്റി. ഉപഭോക്താക്കളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കാനാവുകയുള്ളൂ. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ